മെഗാവാട്ട് വൈദ്യുതി പി.റ്റി.സി.സി., എൻ.യു.യു.എൻ. മുതലായ വ്യാപാരികളിൽ നിന്നും ശരാശരി 4.50 രൂപ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്. കൂടാതെ ദക്ഷിണേന്ത്യയിലെ വിവിധ വൈദ്യുതോൽപ്പാദകരിൽ നിന്നു 523.5 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എനർജി എക്സ്ചേഞ്ചുകളിൽനിന്നും പരമാവധി കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

ദക്ഷിണ ഗ്രിഡിൽ S1 മേഖലയിൽനിന്നും S2 മേഖലയിലേയ്ക്ക് വൈദ്യുതി കൊണ്ടുവരുന്നതിന് പ്രസരണ ശൃംഖലയുടെ ശേഷിക്കുറവുമൂലം പ്രയാസം നേരിടുന്നുണ്ട്. തന്മൂലം രാജ്യത്തെ മറ്റ് മേഖലകളിൽനിന്നുള്ള കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി സംസ്ഥാനത്തിന് ലഭിക്കാതെ പോകുന്നുണ്ട്. രാജ്യത്തിന്റെ കിഴക്കൻ മേഖലയിൽ നിന്നും പശ്ചിമ മേഖലയിൽനിന്നുമായി മധ്യകാല, ദീർഘകാല കരാർ വഴി സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതി ഇതുമൂലം എത്തിക്കാൻ കഴിയാതെ വരുന്നുണ്ട്. S1 മേഖലയിലെ ഉൽപ്പാദന നിലയങ്ങളുമായുള്ള കരാർ പ്രകാരമുള്ള വൈദ്യുതിയുടെ ലഭ്യതയിലും തന്മൂലം കുറവ് വന്നിട്ടുണ്ട്. എന്നാലും പ്രസ്തുത ഇടനാഴിയിൽ ലഭ്യമാവുന്ന പ്രസരണ ശേഷി കേരളം ഫലപ്രദമായി വൈദ്യുതി കൊണ്ടുവരുന്നതിനായി വിനിയോഗിക്കുന്നുണ്ട്. കൂടാതെ കേരളത്തിലേക്ക് വൈദ്യുതി കൊണ്ടുവരുന്ന പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി 400 കെ.വി. മൈസൂർ-അരീക്കോട് ഇരട്ട സർക്യൂട്ട് ലൈൻ നിർമ്മാണം പി.ജി.സി.ഐ.എൽ. വഴി പുരോഗമിക്കുന്നു. 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ (പി.ജി.സി.ഐ.എൽ.) നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുവാൻ വേണ്ട നടപടികൾ ഗവൺമെന്റ് തലത്തിൽ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ 400 കെ.വി. ഉഡുപ്പി (കർണ്ണാടക) - മൈലാട്ടി - അരീക്കോട് ഇരട്ട സർക്യൂട്ട് ലൈനും മൈലാട്ടിയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷനും നിർമ്മിക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്.

രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന

45 (391) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) വിശദാംശങ്ങൾ പദ്ധതി തിരിച്ച് അറിയിക്കുമോ ;

(സി) ഈ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ എത്ര തുക വകയിരുത്തി ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) കേന്ദ്ര / സംസ്ഥാന വിഹിതമടക്കം പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനപ്രകാരം കേരളത്തിലെ 13 ജില്ലകളിലെ ഗ്രാമീണ ഭവനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകി. ടി പദ്ധതിപ്രകാരം 1566 കി.മീറ്റർ 11 കെ.വി. ലൈനും 3277 കി.മീ. എൽ.റ്റി. ലൈനും വലിച്ച് 1541 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് 113712 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിച്ചു. ഇതിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് തികച്ചും സൗജന്യമായാണ് കണക്ഷൻ നൽകിയത്. എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി ലൈൻ വലിച്ചുകൊടുക്കുകയും വെതർപ്രൂഫ് കണക്ഷൻ സർവ്വീസ് ചാർജ്ജ് മാത്രം ഈടാക്കി കണക്ഷൻ നൽകുകയും ചെയ്തു.

(ബി-ഡി)

ക്രമ നമ്പർ	ജില്ലയുടെ പേര്	കേന്ദ്ര സർക്കാർ അംഗീകരിച്ച തുക (ലക്ഷം രൂപ)	ലഭിച്ച തുക (ലക്ഷം രൂപ)	ചെലവായ തുക (ലക്ഷം രൂപ)	ബി പി.എൽ. സർവ്വീസ് കണക്ഷൻ നൽകിയത്	എ.പി. എൽ. സർവ്വീസ് കണക്ഷൻ നൽകിയത്
1	തിരുവനന്തപുരം	2182.13	1197.037	1194.95	8225	10340
2	കൊല്ലം	328.05	180.208	388.586	5009	884
3	പത്തനംതിട്ട	575.65	316.917	364.2	2120	50
4	കോട്ടയം	796.51	436.944	378.986	2423	184
5	ആലപ്പുഴ	1366.81	753.24	1076.95	5388	750
6	എറണാകുളം	2471.24	698.906	555.858	1575	744
7	തൃശ്ശൂർ	1262.7	693.556	692.204	3197	705
8	മലപ്പുറം	3263.46	2524.908	2492.542	9874	2505
9	പാലക്കാട്	1635.4	1127.078	1194.788	18215	770
10	വയനാട്	1433.44	968.599	1128.417	9959	418
11	കോഴിക്കോട്	1692.93	1212.29	1560.455	9741	1288
12	കണ്ണൂർ	1971.4	1439.47	2351.333	9347	2468
13	കാസർഗോഡ്	1460.7	1149.576	1379.193	6524	1009
	ആകെ	20440.43	12698.731	14758.46	91597	22115